പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1341 — 06.02.2020-ൽ മറുപടിക്ക്

## നദികളിൽ അടിഞ്ഞുകൂടിയ മണൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. പി.കെ.ബഷീർ<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പ്രളയശേഷം പ്രധാന നദികളിൽ അടിഞ്ഞുകൂടിയ മണൽ വാരുന്നതിന് അനുമതി നൽകിയ ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ നദികളിൽ അടിഞ്ഞു കൂടിയ മണൽ ഡീസിൽട് ചെയ്ത് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 07.11.2019-ൽ ബഹു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രളയം ബാധിച്ച നദികളായ മലപ്പുറം ജില്ലയിലെ കടലുണ്ടി, ചാലിയാർ, കണ്ണൂർ ജില്ലയിലെ വളപട്ടണം, കാസർഗോഡ് ജില്ലയിലെ ഷിറിയ, എറണാകുളം ജില്ലയിലെ പെരിയാർ, മൂവാറ്റുപുഴ, പത്തനംതിട്ട ജില്ലയിലെ പമ്പ, അച്ചൻകോവിൽ എന്നീ നദികളിൽ ഡീസിൽറ്റിങ്ങ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അതാത് ജില്ലകളിലെ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി കൊണ്ട് 21.12.2019-ലെ G.O(Rt) No.3852/2019/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് ടി ഉത്തരവ് അപര്യാപ്തമാണെന്ന് കണ്ടെത്തുകയും പ്രളയം ബാധിച്ച എല്ലാ നദികളിൽ നിന്നും ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന് ദുരന്ത നിവാരണ ആക്ട്, 2005 പ്രകാരം നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 24.12.2019-ലെ G.O(Rt) No.3880/2019/RD പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. |
| (ബി) അടുത്ത മഴക്കാലത്തിന് മുമ്പായി മണൽ വാരുന്നതി നാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്ത മാക്കുമോ? | (ബി) അടുത്ത മഴക്കാലത്തിന് മുമ്പായി നദികളിൽ അടിഞ്ഞു കൂടിയിട്ടുള്ള മണൽ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സാന്റ് ആഡിറ്റിംഗ് പൂർത്തിയാക്കിയ നദികളിൽ മണൽ വാരലിനുള്ള പാരിസ്ഥിതികാനുമതി ലഭ്യമാകുന്നതോടെ മണൽ വാരൽ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**